റവ.ഡോ.ചാക്കോ പുത്തൻപുരയ്ക്കൽ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിഡന്റ്

ആലുവ: പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി ആൻഡ് ഫിലോസഫി പ്രസിഡന്റായി റവ.ഡോ.ചാക്കോ പുത്തൻപുരയ്ക്കൽ നിയമിതനായി. മംഗലപ്പുഴ സെമിനാരി ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ആർച്ച്ബിഷപ് മാർ ജോസഫ് പെരുന്തോട്ടം വത്തിക്കാനിൽനിന്നുള്ള നിയമന ഉത്തരവ് അറിയിച്ചു.

മൂന്നാർ പുത്തൻപുരയ്ക്കൽ തങ്കച്ചൻ-ക്ലാര ദമ്പതികളുടെ അഞ്ചു മക്കളിൽ മൂന്നാമത്തെ മകനാണു റവ.ഡോ.ചാക്കോ. ബൈബിൾ ദൈവശാസ്ത്ര മേഖലകളിൽ അറിയപ്പെടുന്ന ഗ്രന്ഥകാരൻ കൂടിയാണ് ഇദ്ദേഹം.

ജഡ്ജിമാർക്കു രാഷ്ട്രീയ അവബോധം വേണം: ജസ്റ്റീസ് വി.കെ. മോഹനൻ

കൊച്ചി: ജഡ്ജിമാർ രാഷ്ട്രീയ അവബോധവും ജാഗ്രതയും ഉള്ളവരാകണമെന്നു ജസ്റ്റീസ് വി.കെ. മോഹനൻ അഭിപ്രായപ്പെട്ടു. ഹൈക്കോടതിയിൽ നിന്നുള്ള വിടവാങ്ങൽ ചടങ്ങിന്റെ ഭാഗമായ ഫുൾകോർട്ട് റഫറൻസിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. രാഷ്ട്രീയ ബോധമെന്നതു കക്ഷിരാഷ്ട്രീയമല്ല, സമൂഹത്തിന്റെ ആവശ്യങ്ങൾ തിരിച്ചറിഞ്ഞു ജനങ്ങളെ സ്വാധീനിക്കുന്ന വിധി നൽകാൻ ന്യായാധിപന്മാർക്കു കഴിയണമെന്നും അദ്ദേഹം പറഞ്ഞു.

കോടതിവിധികൾ പൊതുജനങ്ങളിൽ എത്തിക്കുന്നതിൽ മാധ്യമങ്ങൾ വലിയ പങ്കു വഹിക്കുന്നുണ്ട്. വാർത്ത വളച്ചൊടിക്കാതെ നൽകുന്നതിനു മാധ്യമങ്ങൾക്കു ബാധ്യതയുണ്ട്. ഏതെങ്കിലുമൊരു മാധ്യമം മാർഗനിർദേശങ്ങൾക്കു വിരുദ്ധമായി പ്രവർത്തിക്കുന്നുവെന്ന പേരിൽ മറ്റു മാധ്യമങ്ങളുടെ സ്വാതന്ത്ര്യം തടയുന്നതു ശരിയല്ല. മാധ്യമങ്ങളും ജുഡീഷറിയും തമ്മിലുള്ള ഏറ്റുമുട്ടൽ ഒഴിവാക്കണമെന്നും അദ്ദേഹം പറഞ്ഞു. ഫുൾകോർട്ട് റഫറൻസിൽ ചീഫ് ജസ്റ്റീസ് അശോക് ഭൂഷൺ അധ്യക്ഷനായിരുന്നു.

പുഷ്പഗിരി ഫാർമസി കോളജിൽ അന്തർദേശീയ സെമിനാർ

തിരുവല്ല: പുഷ്പഗിരി ഫാർമസി കോളജും ഇന്ത്യൻ ഫാർമസി കോളജസ് അസോസിയേഷനും ശാസ്ത്ര സാങ്കേതിക വകുപ്പും സംയുക്തമായി സംഘടിപ്പിക്കുന്ന അന്തർദേശീയ സെമിനാർ ഇന്നു മുതൽ എട്ടുവരെ നടക്കും. പുഷ്പഗിരി ഫാർമസി കോളജിൽ രാവിലെ 10ന് തിരുവല്ല ഡിവൈഎസ്പി കെ.ജയകുമാർ ഉദ്ഘാടനം ചെയ്യും.

പുഷ്പഗിരി ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ് സിഇഒ റവ. ഡോ.ഷാജി മാത്യൂസ് വാഴയിൽ അധ്യക്ഷത വഹിക്കും. അസോസിയേഷൻ പ്രസിഡന്റ് പ്രഫ.കെ.ചിന്നപ്പസ്വാമി മുഖ്യാതിഥിയാകും. ഡോ.കൃഷ്ണകുമാർ, ഡോ.ഡഗ്ലസ് ജെന്നിംഗ്സ് എന്നിവർ ശാസ്ത്ര പ്രഭാഷണങ്ങൾ നടത്തും. എട്ടിന് ഉച്ചകഴിഞ്ഞ് 2.30ന് സമാപന സമ്മേളനം മന്ത്രി കെ.സി.ജോസഫ് ഉദ്ഘാടനം ചെയ്യും. ഡോ.തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത അധ്യക്ഷത വഹിക്കും. ഡോ.ബി. സുരേഷ്, ഡോ.ബി.ജയകർ, ഡോ.ടി.കെ.രവി എന്നിവർ പ്രസംഗിക്കും. ആയിരത്തോളം പേർ സെമിനാറിൽ പങ്കെടുക്കുമെന്നും പുഷ്പഗിരി മെഡിസിറ്റി ഡയറക്ടർ ഫാ.മാത്യു വടക്കേക്കുറ്റ്, ഡോ. മാത്യു ജോർജ് എന്നിവർ അറിയിച്ചു.

ദേശീയ സുരക്ഷയ്ക്കു പദ്ധതി വേണം: കോൺഗ്രസ്

ന്യൂഡൽഹി: ഉധംപുർ ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ ദേശീയസുരക്ഷയ്ക്കു ദീർഘവീക്ഷണത്തോടെയുള്ള പദ്ധതി തയാറാക്കാൻ കേന്ദ്രസർക്കാർ തയാറാകണമെന്നു കോൺഗ്രസ് ആവശ്യപ്പെട്ടു

കഥകളി ചെണ്ട വിദ്വാന്റെ ഒഴിവ്

കൊച്ചി: എറണാകുളം ജില്ലയിലെ സർക്കാർ സ്ഥാപനത്തിൽ കഥകളി ചെണ്ടയുടെ സഹവിദ്വാന്റെ ഒഴിവുണ്ട്. അംഗീകൃത സർവകലാശാലയിൽനിന്നു ബിഎ, ബിപിഎ, കേരള കലാമണ്ഡലത്തിൽ നിന്നുള്ള കഥകളി ചെണ്ട ഡിപ്ലോമയാണു യോഗ്യത. പ്രായം 2014 ജനുവരി ഒന്നിന് 18-41. നിയമാനുസൃത വയസിളവു ലഭിക്കും. ശമ്പളം: 15,390-25,900 രൂപ. താത്പര്യമുള്ളവർ ഈ മാസം 15ന് അകം അടുത്തുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേരു രജിസ്റ്റർ ചെയ്യണം.

മംഗള എക്സ്പ്രസ് റദ്ദാക്കി

കൊച്ചി: എറണാകുളത്തുനിന്ന് ഇന്നു രാവിലെ 10.45 പുറപ്പെടേണ്ടിയിരുന്ന ട്രെയിൻ നമ്പർ 12617 ലക്ഷദ്വീപ്-ഹസ്രത് നിസാമുദീൻ മംഗള എക്സ്പ്രസ് മധ്യപ്രദേശിലെ അപകടത്തെത്തുടർന്നു റദ്ദാക്കിയതായി സതേൺ റെയിൽവേ അറിയിച്ചു.

എംജി ഓഫ്കാമ്പസ് സെന്ററുകളിൽ നിന്നു പിരിച്ചെടുക്കാനുള്ളത് 61 ലക്ഷം

- മൂന്നു വർഷമായിട്ടും നടപടിയില്ലെന്നു ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട്
- ഉദ്യോഗസ്ഥർ അനാസ്ഥ കാട്ടി
- കണക്കു ഹാജരാക്കാത്ത ഉദ്യോഗസ്ഥരിൽ നിന്നു പലിശ സഹിതം തുക തിരിച്ചുപിടിക്കണം

സാബു ജോൺ

തിരുവനന്തപുരം: മഹാത്മാഗാന്ധി സർവകലാശാലാ ഓഫ് കാമ്പസ് സെന്ററുകളിൽ പരീക്ഷ നടത്തുന്നതിനായി സർവകലാശാല ചെലവഴിച്ച 61 ലക്ഷത്തിൽപരം രൂപ പിരിച്ചെടുക്കാൻ മൂന്നു വർഷമായിട്ടും സർവകലാശാല നടപടിയൊന്നും സ്വീകരിച്ചില്ലെന്ന് ഓഡിറ്റ് റിപ്പോർട്ട്. 2012-13 വർഷത്തെ സർവകലാശാലയുടെ വരവുചെലവു കണക്കുകൾ ഓഡിറ്റ് ചെയ്ത ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ റിപ്പോർട്ടിലാണ് ഈ കണ്ടെത്തൽ. പരീക്ഷാഡ്യൂട്ടിക്കു പോയതിൽ ഇതുവരെ ചെലവുകണക്കുകൾ സമർപ്പിക്കാത്ത നാലു ജീവനക്കാരിൽ നിന്നു 18 ശതമാനം പലിശ സഹിതം അവർ കൈപ്പറ്റിയ അഡ്വാൻസ് തുക ഈടാക്കണമെന്നും റിപ്പോർട്ട് ശിപാർശ ചെയ്തു.

ഓഫ് കാമ്പസ് സെന്ററുകളിലെ പരീക്ഷാ നടത്തിപ്പിനു സർവകലാശാല നിയോഗിക്കുന്ന ഉദ്യോഗസ്ഥരുടെ യാത്രച്ചെലവ്, ഡിഎ, താമസം, വീസ ചെലവ് തുടങ്ങിയവയെല്ലാം സെന്ററുകൾ വഹിക്കണമെന്നാണു സർവകലാശാലയും ഓഫ് കാമ്പസ് സെന്ററുകളും തമ്മിൽ ഒപ്പുവച്ചിട്ടുള്ള ധാരണാപത്രത്തിൽ പറയുന്നത്. എന്നാൽ 2012 ഏപ്രിൽ, മേയ് മാസങ്ങളിൽ 47 കേന്ദ്രങ്ങളിൽ നടത്തിയ പരീക്ഷയ്ക്കു സർവകലാശാല ചെലവഴിച്ച പണം ഇനിയും തിരിച്ചു കിട്ടിയിട്ടില്ല. കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ഓരോ കേന്ദ്രത്തിൽ നിന്നും കിട്ടാനുള്ള തുക പോലും കണക്കാക്കിയതായി രേഖകളില്ല.

തുക പിരിച്ചെടുക്കുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്ന് അനാസ്ഥ ഉണ്ടായതായി റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നു. അഡ്വാൻസ് വാങ്ങിയ ശേഷം ഇതുവരെ ചെലവു കണക്കു പോലും ഹാജരാക്കാത്ത നാല് ഉദ്യോഗസ്ഥർ കൈപ്പറ്റിയ 4,80,000 രൂപ 18 ശതമാനം പലിശ സഹിതം ഈടാക്കണമെന്നും ശിപാർശ ചെയ്തിട്ടുണ്ട്.

ഓഫ് കാമ്പസ് സെന്ററുകളുടെ 2011 വർഷത്തെ പരീക്ഷാനടത്തിപ്പിനു സർവകലാശാല വിനിയോഗിച്ച 48.07 ലക്ഷം രൂപയിൽ 10.95 ലക്ഷം രൂപ ഈടാക്കാൻ അവശേഷിക്കുന്നതായും കണ്ടെത്തി. ബന്ധപ്പെട്ട സെന്ററുകളിൽ നിന്നു തുക ഈടാക്കിയതിനു സർവകലാശാലയിൽ വ്യക്തമായ രേഖകൾ ഇല്ല. വിദൂര വിദ്യാഭ്യാസ കേന്ദ്രം ഡയറക്ടർക്കും പരീക്ഷാ കൺട്രോളർക്കും രേഖകൾ ആവശ്യപ്പെട്ടു കത്തു നൽകി. 37,12,305 രൂപ ലഭിച്ചതായി ഡയറക്ടർ മറുപടി നൽകി. എന്നാൽ ഡിഡിയുടെ വിശദാംശങ്ങളോ അനുബന്ധരേഖകളോ ഇല്ലായിരുന്നു. അതുകൊണ്ടു തന്നെ ഡിഡികളുടെ നിജസ്ഥിതിയോ ഇതു സെന്ററുകളിൽ നിന്നു തന്നെ ലഭിച്ചതാണെന്നോ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ലഭിച്ചതായി പറയുന്ന തുക ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയതിന്റെ രേഖകളും ഹാജരാക്കിയില്ല. മതിയായ രേഖകളില്ലാതെ 37.12 ലക്ഷം രൂപ സർവകലാശാലയ്ക്കു ലഭിച്ചതായി ഡയറക്ടർ എങ്ങനെ ഉറപ്പിക്കുന്നു എന്നും റിപ്പോർട്ടിൽ ചോദിക്കുന്നു. ഡയറക്ടറുടെ കണക്ക് അംഗീകരിച്ചാൽ തന്നെ സർവകലാശാലയ്ക്ക് ഈ ഇനത്തിൽ 10,94,754 രൂപ കിട്ടാനുണ്ടെന്നു വ്യക്തമാണ്.

സർവകലാശാല ആസ്ഥാനത്തെ അതിഥിമന്ദിരത്തിന്റെ മുറിവാടക യഥാസമയം അടയ്ക്കാതെ 98,370 രൂപയുടെ ധനാപഹരണം നടത്തിയതായും ഓഡിറ്റിൽ കണ്ടെത്തി. 2012 ഏപ്രിൽ മൂന്നു മുതൽ 2014 മാർച്ച് 28 വരെയുള്ള കണക്കുകൾ ഓഡിറ്റ് ചെയ്തപ്പോഴാണ് ഇത്രയും ക്രമക്കേട് കണ്ടെത്തിയത്. ഇക്കാലയളവിൽ രസീതുകൾ പ്രകാരം 7,58,215 രൂപ പിരിച്ചെടുത്തതായി കാണുന്നുണ്ടെങ്കിലും സർവകലാശാല ഫണ്ടിലെത്തിയത് 6,59,845 രൂപ മാത്രമാണ്. ഈ വിഷയത്തിൽ സമഗ്രമായ അന്വേഷണം നടത്തണമെന്നു റിപ്പോർട്ടിൽ ശിപാർശ ചെയ്യുന്നു.

സർവകലാശാല അക്കൗണ്ടിൽ തുക ഒടുക്കുന്നതിലും ഇതുസംബന്ധിച്ച മേൽപരിശോധന നടത്തുന്നതിലും വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കണം. സർവകലാശാലയിൽ അടയ്ക്കാൻ ശേഷിക്കുന്ന 98,370 രൂപ 18 ശതമാനം പലിശ സഹിതം ഈടാക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്നും റിപ്പോർട്ടിൽ ആവശ്യപ്പെട്ടു.

സർവകലാശാലയുടെ പെൻഷൻ ഫണ്ട്, പ്രോവിഡന്റ് ഫണ്ട് എന്നിവയുടെ സൂക്ഷിപ്പിനും വിനിയോഗത്തിനുമായി അധികാരപ്പെട്ട ഫണ്ട് മാനേജരെ നിയമിക്കണമെന്നും ശിപാർശയുണ്ട്. ഇതിനായി ചട്ടങ്ങൾ രൂപീകരിക്കണം. സർവകലാശാല ജീവനക്കാരുടെയും അധ്യാപകരുടെയും പെൻഷൻ, ഇൻഷറൻസ്, പ്രോവിഡന്റ് ഫണ്ട് തുടങ്ങിയ സർവീസ് ആനുകൂല്യങ്ങൾക്കായി പ്രത്യേക ഫണ്ടുകൾ ഉണ്ടായിരിക്കണമെന്ന് 1985 ലെ സർവകലാശാല നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ഇതുവരെ ചട്ടങ്ങളായിട്ടില്ല. ജീവനക്കാരുടെ ശമ്പളത്തിൽ നിന്നു പിരിക്കുന്ന പിഎഫ് വിഹിതം അതതു മാസം പിഎഫ് അക്കൗണ്ടിലേക്കു വക മാറ്റുന്നില്ല. തനതു ഫണ്ടിൽ നിന്നു തുക ഒടുക്കുന്നതിന്റെ ചെലവു കാണിക്കുന്നതിനായി ചെക്കുകൾ എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും അക്കൗണ്ടിൽ മതിയായ നീക്കിയിരിപ്പില്ലാത്തതിനാൽ ബാങ്കിൽ ഹാജരാക്കാതിരിക്കുകയും 'അൺകാഷ്ഡ് ചെക്കുകൾ' എന്ന രീതിയിൽ കണക്കിൽ പെടുത്തുകയും ചെയ്യുകയാണിപ്പോൾ.

പെൻഷൻ ഫണ്ട് അക്കൗണ്ട് ഉണ്ടെങ്കിലും അതതു മാസം ആവശ്യമായ വിഹിതം ഫണ്ടിലേക്ക് അടയ്ക്കാത്തതിനാൽ തനതു ഫണ്ടിൽ നിന്നു തുക ചെലവഴിക്കുന്ന അശാസ്ത്രീയ സാമ്പത്തിക മാനേജ്മെന്റ് ആണു സർവകലാശാല പിന്തുടരുന്നതെന്നും റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നു.

ശാന്ത കാവുമ്പായിക്ക് സംസ്ഥാന അവാർഡ്

കണ്ണൂർ: മലയാള സാഹിത്യ മേഖലയിൽ പ്രവർത്തിക്കുന്ന അംഗപരിമിതർക്കായി സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ അവാർഡിനു ശാന്ത കാവുമ്പായി അർഹയായി. കൈരളി ബുക്സ് പ്രസിദ്ധീകരിച്ച മോഹപ്പക്ഷി എന്ന കവിതാ സമാഹാരത്തിനാണ് അവാർഡ്. 5,001 രൂപയും സാക്ഷ്യപത്രവുമാണ് അവാർഡ്. കാവുമ്പായിലെ അങ്ങേമ്മ, ഡിസംബർ 30, എന്റെ കുഞ്ഞിരാമേട്ടൻ-നിങ്ങളുടെയും എന്നിവയാണു പ്രസിദ്ധീകരിച്ച മറ്റു കൃതികൾ. അധ്യാപക ജോലിയിൽനിന്നു വിരമിച്ചശേഷം ഇപ്പോൾ മുഴുവൻ സമയവും സാഹിത്യമേഖലയിൽ സജീവമാണ്. കണ്ണൂർ പള്ളിക്കുന്നിലാണു താമസം.

കേരളത്തിലെ പ്രശ്നങ്ങൾ: പ്രത്യേക പിബി ഞായറാഴ്ച

ന്യൂഡൽഹി: കേരളത്തിലെ സംഘടന പ്രശ്നങ്ങളെ കുറിച്ചു ചർച്ച ചെയ്യാൻ സിപിഎം അടിയന്തര പോളിറ്റ് ബ്യൂറോ യോഗം വിളിച്ചു ചേർത്തു. ഞായറാഴ്ചയാണു പ്രത്യേക പിബി യോഗം.

അരുവിക്കര ഉപതെരഞ്ഞെടുപ്പിൽ പാർട്ടി വോട്ടുകൾ ബിജെപിക്കു പോയതാവും പ്രധാന ചർച്ചയാവുക.

എസ്എൻഡിപി ബിജെപിയുമായി അടുക്കുന്നതും യോഗത്തിൽ ചർച്ചയായേക്കും.

കമ്പനി സെക്രട്ടറിഷിപ് കോഴ്സിന് ഇപ്പോൾ അപേക്ഷിക്കാം

കരിയർ കോർണർ

കോർപറേറ്റ് തലത്തിൽ വൈവിധ്യമാർന്ന ചുമതലകൾ നിർവഹിക്കുന്ന കമ്പനി സെക്രട്ടറിയാകാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്പനി സെക്രട്ടറീസ് ഓഫ് ഇന്ത്യ (ഐസിഎസ്ഐ) നടത്തുന്ന കമ്പനി സെക്രട്ടറീസ് കോഴ്സിന് ഇപ്പോൾ അപേക്ഷിക്കാം. അടുത്ത ജൂണിൽ നടത്തുന്ന ഫൗണ്ടേഷൻ പ്രോഗ്രാം പരീക്ഷ എഴുതാൻ സെപ്റ്റംബർ 30നകം അപേക്ഷിക്കണം. രജിസ്ട്രേഷൻ ഫീസ് 4500 രൂപ. എക്സിക്യൂട്ടീവ് പ്രോഗ്രാമിലേക്കും അടുത്ത ജൂണിലാണു പരീക്ഷ. ഇതിന് ഈ മാസം 30നകം അപേക്ഷിക്കണം. രജിസ്ട്രേഷൻ ഫീസ് 8500 രൂപ.

മൂന്നു ഘട്ടങ്ങളിലായാണ് കമ്പനി സെക്രട്ടറിഷിപ് കോഴ്സ് നടത്തുന്നത്- ഫൗണ്ടേഷൻ പ്രോഗ്രാം, എക്സിക്യൂട്ടീവ് പ്രോഗ്രാം, പ്രഫഷണൽ പ്രോഗ്രാം. ആദ്യഘട്ടമായ ഫൗണ്ടേഷൻ പ്രോഗ്രാം കമ്പനി സെക്രട്ടറീസ് കോഴ്സിലേക്കുള്ള പ്രവേശനമായി കണക്കാക്കാം. പ്ലസ് ടു പാസായ ഏതു വിദ്യാർഥിക്കും ഈ കോഴ്സിന് ചേർന്ന് പഠിക്കാം. ഡിഗ്രി കഴിഞ്ഞ വിദ്യാർഥികൾക്ക് രണ്ടാമത്തെ ഘട്ടമായ എക്സിക്യൂട്ടീവ് പ്രോഗ്രാമിന് നേരിട്ടു ചേരാം.

എക്സിക്യൂട്ടീവ് പ്രോഗ്രാം പാസായ വിദ്യാർഥികളാണ് ഈ കോഴ്സിന്റെ അടുത്തഘട്ടമായ പ്രഫഷണൽ പ്രോഗ്രാം പരീക്ഷ എഴുതാൻ അർഹരാകുന്നത്.

പ്രഫഷണൽ പ്രോഗ്രാം വിജയിച്ച് 15 മാസത്തെ പ്രവൃത്തിപരിചയം നേടിക്കഴിഞ്ഞാൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്പനി സെക്രട്ടറീസിന്റെ അസോസിയേറ്റ് അംഗത്വം ലഭിക്കും. അസോസിയേറ്റ് അംഗത്വം ലഭിച്ചാൽ നേരിട്ട് കമ്പനി സെക്രട്ടറികളായി തൊഴിൽ നേടുകയോ പ്രൈവറ്റായി പ്രാക്ടീസ് ചെയ്യുകയോ ആവാം. ഈ കോഴ്സിനെക്കുറിച്ചുള്ള മറ്റു വിശദവിവരങ്ങൾക്ക് തിരുവനന്തപുരത്തു പട്ടത്തുള്ള ചാപ്റ്ററിൽ 0471-2541913 എന്ന നമ്പറിൽ ബന്ധപ്പെട്ടാൽ മതി.

ഇ-മെയിൽ: icsitvm@gmail.com. വെബ്സൈറ്റ്: www.icsi.edu / www.icsi.in.

വിദ്യാഭ്യാസ വായ്പ: മോറട്ടോറിയം നീട്ടി

തിരുവനന്തപുരം: 4.5 ലക്ഷം രൂപവരെ വാർഷിക കുടുംബവരുമാനമുള്ളവരുടെയും പുതിയ കേന്ദ്രസർക്കാർ പലിശ സബ്സിഡിയ്ക്ക് അപേക്ഷിച്ചവരുടെയും വിദ്യാഭ്യാസ വായ്പകളിന്മേലുള്ള റവന്യൂ റിക്കവറി നടപടികൾക്കുള്ള മോറട്ടോറിയം 2015 ജൂൺ എട്ടുമുതൽ ആറുമാസത്തേക്കുകൂടി ദീർഘിപ്പിച്ച് ഉത്തരവായി. നേരത്തേ റവന്യൂ റിക്കവറി നടപടികൾ 2014 ഡിസംബർ ഒമ്പതു മുതൽ ആറുമാസത്തേക്ക് മോറട്ടോറിയം നൽകി ഉത്തരവായിരുന്നു. എന്നാൽ ഈ പലിശ സബ്സിഡി, അപേക്ഷിച്ച എല്ലാവർക്കും ലഭ്യമായിട്ടില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിലാണ് പുതിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

നടപടിക്രമം പാലിക്കുന്നതിൽ പിഎസ്സിക്കു പോരായ്മ ഉണ്ടായെന്നു മുഖ്യമന്ത്രി

തിരുവനന്തപുരം: നടപടിക്രമം പാലിക്കുന്നതിൽ പിഎസ്സിക്കു പോരായ്മയുണ്ടായെന്നും ഇതു പരിഹരിക്കുന്നതോടെ പ്രശ്നം അവസാനിക്കുമെന്നും മുഖ്യമന്ത്രി ഉമ്മൻചാണ്ടി. പിഎസ്സിയുടെ പ്രവർത്തനത്തിൽ അഴിമതി നടന്നതായി കണ്ടെത്തിയിട്ടില്ല. എന്നാൽ, പണം വകമാറ്റി ചെലവിട്ടുവെന്നു കണ്ടെത്തിയതായും മന്ത്രിസഭായോഗത്തിനു ശേഷം മുഖ്യമന്ത്രി മാധ്യമപ്രവർത്തകരുടെ ചോദ്യങ്ങൾക്കു മറുപടിയായി അറിയിച്ചു.

പിഎസ്സിയുമായി ബന്ധപ്പെട്ട് ഉയർന്ന വിഷയങ്ങൾ ചർച്ച ചെയ്തു തീരുമാനം എടുക്കാൻ മന്ത്രിസഭായോഗം ധനമന്ത്രി കെ.എം. മാണിയെ ചുമതലപ്പെടുത്തി. പിഎസ്സി ചെയർമാനും അംഗങ്ങളും തന്നെ വന്നു കണ്ടിരുന്നു. കമ്മീഷനും ധനവകുപ്പും തമ്മിൽ ചില അഭിപ്രായവ്യത്യാസം വന്നിട്ടുണ്ട്. വകുപ്പുകൾ തമ്മിൽ തർക്കം സ്വാഭാവികമാണ്. പിഎസ്സിയെ പോലുള്ള സ്ഥാപനത്തിനു ബുദ്ധിമുട്ട് വരരുതെന്നാണു സർക്കാർ നിലപാട്. ഇതു മന്ത്രിസഭ ചർച്ച ചെയ്യുകയും നല്ല നിലയിൽ തീർക്കാൻ ധനമന്ത്രി മുൻകൈ എടുക്കാൻ നിർദേശിക്കുകയും ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ടവരുമായി ധനമന്ത്രി ചർച്ചചെയ്തു തീരുമാനം കൈക്കൊള്ളും.

പിഎസ്സി സാമ്പത്തിക അച്ചടക്കം പാലിച്ചില്ലെന്നതു പൂർണമായി ശരിയല്ല. പിഎസ്സിയുടെ ഇടപാടുകളെക്കുറിച്ച് ധനകാര്യ പരിശോധനാ വിഭാഗത്തിൻെറ അന്വേഷണം വന്നതിൽ ധനകാര്യ വകുപ്പിനെ കുറ്റപ്പെടുത്താനാവില്ല. ഇക്കാര്യത്തിൽ കുറ്റവാളി താനാണ്. അന്വേഷണം നടത്തുന്നതിനാണ് ഫയൽ വന്നത്. അതിനോട് തനിക്ക് യോജിപ്പില്ലായിരുന്നു. നടപടിക്രമത്തിലെ വിഷയം മാത്രമേ ഉണ്ടായിരുന്നുള്ളു. അതു പരിഹരിക്കാൻ ഓഡിറ്റിനെ ചുമതലപ്പെടുത്തി. വിജിലൻസ് അന്വേഷണത്തിനു ചീഫ് സെക്രട്ടറി ശിപാർശ ചെയ്തിരുന്നില്ലേയെന്ന ചോദ്യത്തിനു വിജിലൻസ് എന്നു താൻ പറയുന്നില്ലെന്നു മുഖ്യമന്ത്രി പറഞ്ഞു. ഇപ്പോൾ ഉണ്ടായതിൽ നിന്നു വ്യത്യസ്ത നിർദേശം വന്നു. എല്ലാം സാങ്കേതികം മാത്രമായി നോക്കാനാകില്ല. മുഖ്യമന്ത്രിയും പിഎസ്സി ചെയർമാനുമായി സ്വരചേർച്ച ഇല്ലേയെന്നു ചോദിച്ചപ്പോൾ എന്തു തോന്നുവെന്നായിരുന്നു ഉമ്മൻചാണ്ടിയുടെ മറുചോദ്യം. പിഎസ്സിക്കു പരമാവധി അധികാരം നൽകാനാണു നാലു വർഷവും സർക്കാർ ശ്രമിച്ചത്. കമ്മീഷൻ നല്ല നിലയിൽ പ്രർത്തിക്കുന്നു. ഇതിന് എല്ലാ സൗകര്യവും സർക്കാർ ഒരുക്കും. പരാതികളില്ലാതെ പ്രവർത്തിക്കുന്നതിൽ സർക്കാരിനു സന്തോഷമുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

പിഎസ്സിയിൽ പരിശോധന നടത്താൻ ധനവകുപ്പിന് അധികാരമില്ലെന്നു ചെയർമാൻ

തിരുവനന്തപുരം: കേരള പബ്ലിക് സർവീസ് കമ്മീഷൻ ഒരു ഭരണഘടനാ സ്ഥാപനമാണെന്നും ഈ സ്ഥാപനത്തിൽ പരിശോധന നടത്താൻ ധനവകുപ്പിന് അധികാരമില്ലെന്നും പിഎസ്സി ചെയർമാൻ ഡോ. കെ.എസ്. രാധാകൃഷ്ണൻ. ഭരണഘടനാ സ്ഥാപനങ്ങളുടെ സാമ്പത്തിക ക്രയവിക്രയങ്ങൾ സംബന്ധിച്ചു പരിശോധന നടത്താൻ ഭരണഘടന ചുമതലപ്പെടുത്തിയിട്ടുള്ളത് കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറലിനെയാണ്. ഇതിൽ എജി 2014 ഒക്ടോബർ വരെ നടത്തിയ ഓഡിറ്റിംഗിൽ പിഎസ്സിയുടെ സാമ്പത്തിക ഇടപാടിൽ ഒരു തെറ്റും കണ്ടെത്തിയിട്ടില്ലെന്ന് അദ്ദേഹം പറഞ്ഞു.

കമ്മീഷന്റെ പ്രവർത്തനം സുഗമമായി നടത്തുന്നതിന് ആവശ്യമായ എല്ലാ സാമ്പത്തികസഹായവും ഉടൻ അനുവദിക്കുമെന്നു മുഖ്യമന്ത്രി ഉറപ്പുനല്കിയിട്ടുണ്ട്. കമ്മീഷന്റെ കാര്യക്ഷമതയിലും കൃത്യതയിലും സർക്കാർ പൂർണ വിശ്വാസം രേഖപ്പെടുത്തിയിട്ടുണ്ട്. പിഎസ്സിയിൽ ധനകാര്യവിഭാഗത്തിന്റെ അന്വേഷണത്തിന് ഉത്തരവ് നല്കിയിട്ടില്ലെന്നാണ് മുഖ്യമന്ത്രി ചർച്ചയിൽ പറഞ്ഞത്.

ഇതുസംബന്ധിച്ചു ധനകാര്യവിഭാഗം ഇറക്കിയ ഉത്തരവ് ദുരുപദിഷ്ടവും തെറ്റിദ്ധാരണാജനകവും വസ്തുതാവിരുദ്ധവുമാണ്. പിഎസ്സി 5.73 കോടി രൂപ അനധികൃതമായി വകമാറ്റി ചെലവഴിച്ചു എന്ന ആക്ഷേപം വസ്തുതാവിരുദ്ധമാണ്. സർക്കാർ ഉത്തരവ് പ്രകാരം റീ അപ്രോപ്രിയേഷനു 9.6 കോടി രൂപയുടെ അനുമതി നല്കിയിരുന്നു. എന്നാൽ, ഇക്കാര്യം മറച്ചുവച്ചാണ് പ്രസ്താവന ഇറക്കിയത്. പിഎസ്സിക്കു 10 കോടി രൂപ അധികമായി അനുവദിച്ചുവെന്ന പ്രചാരണവും അടിസ്ഥാനരഹിതമാണ്.

കഴിഞ്ഞ 17ന് സർക്കാർ ആകെ അനുവദിച്ചതു രണ്ടുകോടി രൂപ മാത്രമാണ്. പബ്ലിക് സർവീസ് കമ്മീഷൻ പരീക്ഷകൾക്കായി കോടിക്കണക്കിനു രൂപയാണ് ഓരോ വർഷവും ചെലവഴിക്കേണ്ടിവരുന്നത്. ഒഎംആർ പരീക്ഷയ്ക്ക് ഒരു വിദ്യാർഥിക്ക് 107 രൂപയാണു ചെലവഴിക്കുന്നത്. കഴിഞ്ഞ വർഷം 51.6 ലക്ഷം ഉദ്യോഗാർഥികളാണ് പരീക്ഷ എഴുതിയത്. ഈ പരീക്ഷകൾക്കു മാത്രം 55 കോടി രൂപയാണ് ചെലവായത്. കായികക്ഷമതാ പരീക്ഷകളും അഭിമുഖവും കൂടി ഉൾപ്പെടുത്തിയാൽ ഒരു ഉദ്യോഗാർഥിക്ക് 439 രൂപ ചെലവാകും. ഇതിൽനിന്നു മാത്രം പിഎസ്സിയുടെ സാമ്പത്തിക ചെലവ് എത്രമാത്രമെന്നു വ്യക്തമാകും.

2014 -ൽ 804 റാങ്ക് ലിസ്റ്റുകളിലായി 1,07,818 പേരെയാണു ഉൾപ്പെടുത്തിയത്. രണ്ടു വർഷമായി കുടിശികയായിരുന്ന എസ്സി, എസ്ടി സ്പെഷൽ റിക്രൂട്ട്മെന്റ് അടക്കമുള്ള നിയമന കുടിശിക തീർക്കാൻ സാധിച്ചു. റാങ്ക് പട്ടികകൾ മൂന്നു വർഷ, കാലാവധി തികയുന്ന മുറയ്ക്കു പ്രസിദ്ധീകരിക്കാൻ പിഎസ്സിക്കു സാധിച്ചു. ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ നിർമിക്കാൻ വൻതുക മുടക്കി. യുപിഎസ്സി ചെയർമാന്റെ നിർദേശത്തെ തുടർന്നാണ് ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങളുടെ നിർമാണം നടത്തിയത്. തിരുവനന്തപുരം, എറണാകുളം, പത്തനംതിട്ട, കോഴിക്കോട് എന്നിവിടങ്ങളിലാണ് ഓൺലൈൻ പരീക്ഷാകേന്ദ്രങ്ങൾ സ്ഥാപിതമായത്.

ഇവയ്ക്കെല്ലാം വൻതുകയാണ് ആവശ്യമായി വന്നത്. കഴിഞ്ഞ വർഷം സർക്കാരിനോടു 261 കോടി രൂപയാണു പിഎസ്സി ആവശ്യപ്പെട്ടത്. എന്നാൽ, അനുവദിച്ചത് 131 കോടി രൂപ മാത്രമാണ്. ഈ തുക ആറു മാസത്തെ പ്രവർത്തനത്തിനുള്ളിൽ തീർന്നു. ഇതേതുടർന്നാണു പരീക്ഷകൾ നടത്താൻ ഉൾപ്പെടെ അടിയന്തര സാമ്പത്തിക സഹായം നല്കണമെന്ന ആവശ്യവുമായി പിഎസ്സി സർക്കാരിനെ സമീപിച്ചത്. ഇന്നലെ മുഖ്യമന്ത്രിയെ സന്ദർശിച്ചപ്പോൾ അടിയന്തരമായി നടപടി കൈക്കൊള്ളാമെന്നു ഉറപ്പുലഭിച്ചതായും പിഎസ്സി ചെയർമാൻ അറിയിച്ചു.

സബ് കമ്മിറ്റി അധ്യക്ഷൻ പ്രഫ. ലോപ്പസ് മാത്യു ഉൾപ്പെടെയുള്ള അംഗങ്ങളും പത്രസമ്മേളനത്തിൽ പങ്കെടുത്തു.

നഴ്സിംഗ്: സ്പോർട്സ് ക്വോട്ടയ്ക്ക് അപേക്ഷിക്കാം

തിരുവനന്തപുരം: പതിനാല് സർക്കാർ നഴ്സിംഗ് സ്കൂളുകളിലെ ജനറൽ നഴ്സിംഗ് ആൻഡ് മിഡ് വൈഫറി കോഴ്സിന് കായിക താരങ്ങൾക്കായി സംവരണം ചെയ്തിട്ടുള്ള സീറ്റുകളിൽ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. നഴ്സിംഗ് സ്കൂൾ പ്രിൻസിപ്പലിന് സമർപ്പിക്കുന്ന അപേക്ഷയുടെ ഫോട്ടോസ്റ്റാറ്റ് പകർപ്പ്, യോഗ്യത സർട്ടിഫിക്കറ്റുകളുടേയും, സ്പോർട്സിൽ പ്രാവീണ്യം തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെയും സാക്ഷ്യപ്പെടുത്തിയ ഫോട്ടോസ്റ്റാറ്റ് സഹിതം സെക്രട്ടറി, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, തിരുവനന്തപുരം-1 വിലാസത്തിൽ 20നു വൈകുന്നേരം അഞ്ചിനു മുമ്പ് അപേക്ഷ സമർപ്പിക്കണം.

ബിടെക് സീറ്റൊഴിവ്

തിരുവനന്തപുരം: ഐഎച്ച്ആർഡിയുടെ ഒൻപത് എൻജിനിയറിംഗ് കോളജുകളിൽ ബിടെക് സീറ്റുകളിൽ ഒഴിവുണ്ട്. ഓഗസ്റ്റ് എട്ടിനു ശേഷമാണു സ്പോട്ട് അഡ്മിഷൻ. വിശദാംശം അതതു കോളജിൽ ലഭിക്കും.

ഹയർ സെക്കൻഡറി: കോമ്പിനേഷനും സ്കൂൾ മാറ്റത്തിനും അപേക്ഷിക്കാം

തിരുവനന്തപുരം: ഹയർ സെക്കൻഡറിയിൽ രണ്ടാം സപ്ലിമെന്ററി അലോട്ട്മെന്റിനുശേഷമുള്ള വേക്കൻസി ജില്ലാ/ജില്ലാന്തര സ്കൂൾ/കോമ്പിനേഷൻ ട്രാൻസ്ഫർ അലോട്ട്മെന്റ് എന്നിവ www.hscap.kerala.gov.inൽ പ്രസിദ്ധീകരിച്ചു. ഏകജാലക സംവിധാനത്തിൽ മെരിറ്റ് ക്വോട്ടയിലോ, സ്പോർട്സ് ക്വോട്ടയിലോ പ്രവേശനം നേടിയ വിദ്യാർഥികൾക്ക് ട്രാൻസ്ഫറിന് അപേക്ഷിക്കാം. ജില്ലയ്ക്കകത്തോ/മറ്റ് ജില്ലയിലേക്കോ സ്കൂൾ മാറ്റത്തിനോ, കോമ്പിനേഷൻ മാറ്റത്തോടെയുള്ള സ്കൂൾ മാറ്റത്തിനോ നിശ്ചിത മാതൃകയിലുള്ള അപേക്ഷ അഡ്മിഷൻ നേടിയ സ്കൂളിൽ ഏഴിന് ഉച്ചകഴിഞ്ഞ് മൂന്നിനുള്ളിൽ സമർപ്പിക്കേണ്ടതാണെന്ന് ഹയർ സെക്കൻഡറി ഡയറക്ടർ അറിയിച്ചു.

എൻജിനിയറിംഗ് / ആർക്കിടെക്ചർ: ഒഴിവുവന്ന സീറ്റുകളിലേക്ക് ഓൺലൈൻ അലോട്ട്മെന്റ്

തിരുവനന്തപുരം: 2015 ലെ എൻജിനിയറിംഗ്/ ആർക്കിടെക്ചർ കോഴ്സുകളിൽ സർക്കാർ/എയ്ഡഡ് / സർക്കാർ നിയന്ത്രിത സ്വാശ്രയ എൻജിനിയറിംഗ് കോളജുകളിലെ ഒഴിവുവന്ന സീറ്റുകളിലേക്കുള്ള ഓൺലൈൻ അലോട്ട്മെന്റ് www.ceekerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങൾ വിദ്യാർഥികളുടെ ഹോം പേജിൽ ലഭ്യമാണ്. ഹോം പേജിൽ നിന്ന് വിദ്യാർഥികൾ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് നിർബന്ധമായും എടുക്കേണ്ടതാണ്. വിദ്യാർഥിയുടെ പേര്, റോൾ നമ്പർ, അലോട്ട്മെന്റ് ലഭിച്ച കോഴ്സ്, കോളജ്, അലോട്ട്മെന്റ് ലഭിച്ച കാറ്റഗറി എന്നിവ വിദ്യാർഥിയുടെ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഈ ഘട്ടത്തിൽ പുതുതായി അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർഥികൾ അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ളതും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടക്കേണ്ടതുമായ ഫീസ് ഇന്നു മുതൽ എട്ടുവരെ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ തെരഞ്ഞെടുത്ത ശാഖകളിലൊന്നിൽ ഒടുക്കണം. എട്ടിന് വൈകുന്നേരം അഞ്ചിനു മുൻപായി അലോട്ട്മെന്റ് ലഭിച്ച കോളജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്. എസ്ബിടി ശാഖകളുടെ ലിസ്റ്റ് വെബ് സൈറ്റിൽ ലഭ്യമാണ്.

മൂന്നാംഘട്ടത്തിൽ അലോട്ട്മെന്റിൽ നിന്നു വ്യത്യസ്തമായ അലോട്ട്മെന്റ് ഈ ഘട്ടത്തിൽ ലഭിച്ചവർ അധികതുക പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടയ്ക്കേണ്ടതുണ്ടെങ്കിൽ ഇന്നു മുതൽ എട്ടുവരെ തീയതികളിലൊന്നിൽ എസ്ബിടിയുടെ തെരഞ്ഞെടുത്ത ശാഖകളിലൊന്നിൽ ഒടുക്കിയശേഷം എട്ടിന് വൈകുന്നേരം അഞ്ചിനു മുമ്പായി അലോട്ട്മെന്റ് ലഭിച്ച കോളജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്.

പ്രവേശനം നേടിയ വിദ്യാർഥികളുടെ വിവരങ്ങൾ കോളജ് അധികാരികൾ അംഗീകരിച്ച് എട്ടിന് വൈകുന്നേരം 5.30 ന് മുൻപായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്.

എട്ടിന് വൈകുന്നേരം അഞ്ചിനുശേഷം ഏതെങ്കിലും സീറ്റുകൾ സർക്കാർ /എയ്ഡഡ്/സർക്കാർ നിയന്ത്രിത സ്വാശ്രയ/ യൂണിവേഴ്സിറ്റി നിയന്ത്രിത സ്വാശ്രയ എൻജിനിയറിംഗ് കോളജുകളിൽ ഒഴിവുള്ളപക്ഷം അവ കോളജ് അധികാരികൾ 15 നോ അതിനു മുൻപോ സ്പോട്ട് അഡ്മിഷൻ വഴി നികത്തും. പ്രോസ്പെക്ടസ് വ്യവസ്ഥകൾക്ക് വിധേയമായി പത്ര -ദൃശ്യമാധ്യമങ്ങളിലൂടെ പരസ്യപ്പെടുത്തിയ ശേഷം 15 ന് മുൻപായി അഡ്മിഷൻ വഴി ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിന് എല്ലാ കോളജ് അധികാരികളെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾ 0471 2339101, 2339102, 2339103, 2339104 എന്നീ നമ്പരുകളിൽ ബന്ധപ്പെടണം.

രണ്ടാം സെമസ്റ്റർ എംടെക് ഡിഗ്രി പരീക്ഷകൾ സെപ്റ്റംബർ മൂന്നു മുതൽ

എംജി സർവകലാശാല

രണ്ടാം സെമസ്റ്റർ എംടെക് ഡിഗ്രി (2014 അഡ്മിഷൻ റെഗുലർ, 2013 അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ സെപ്റ്റംബർ മൂന്നു മുതൽ. അപേക്ഷകൾ 12 വരെയും 50 രൂപ പിഴയോടെ 13 വരെയും 500 രൂപ സൂപ്പർഫൈനോടെ 18 വരെയും സ്വീകരിക്കും. അപേക്ഷകർ 600 രൂപ സിവി ക്യാമ്പ് ഫീസായി നിശ്ചിത പരീക്ഷാ ഫീസിന് പുറമെ അടയ്ക്കണം.

സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷനിലെ ഒന്നും രണ്ടും സെമസ്റ്റർ ബിഎ, ബികോം (സിബിസിഎസ്എസ് - പ്രൈവറ്റ് രജിസ്ട്രേഷൻ) പ്രോഗ്രാമിന്റെ പരീക്ഷകൾ സെപ്റ്റംബർ നാലു മുതൽ. ടൈംടേബിൾ പിന്നീട് അറിയിക്കും.

അപേക്ഷാത്തീയതി

അവസാന വർഷ എംപിടി (പുതിയ സ്കീം - 2013 അഡ്മിഷൻ റഗുലർ, പഴയ സ്കീം 2012നു മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി, മേഴ്സി ചാൻസ്) ഡിഗ്രി പരീക്ഷകൾ സെപ്റ്റംബർ നാലു മുതൽ ആരംഭിക്കും. അപേക്ഷകൾ 12 വരെയും 50 രൂപ പിഴയോടെ 13 വരെയും 500 രൂപ സൂപ്പർഫൈനോടെ 19 വരെയും സ്വീകരിക്കും. മേഴ്സി ചാൻസ് പരീക്ഷയ്ക്കായി അപേക്ഷിക്കുന്നവർ ആദ്യ തവണത്തേയ്ക്ക് 5000 രൂപയും രണ്ടോ അതിൽ അധികമോ തവണത്തേയ്ക്ക് 7000 രൂപയും സ്പെഷൽ ഫീസായി നിശ്ചിത പരീക്ഷാ ഫീസിനും സിവി ക്യാമ്പ് ഫീസിനും പുറമെ അടയ്ക്കണം. ടൈംടേബിൾ വൈസൈറ്റിൽ.

പ്രാക്ടിക്കൽ പരീക്ഷ

രണ്ടാം സെമസ്റ്റർ ബിഎസ്സി സുവോളജി ഡിഗ്രി ഓഗസ്റ്റ് 2015 പരീക്ഷയുടെ പ്രാക്ടിക്കൽ 10 മുതൽ അതത് കോളജുകളിൽ നടത്തും. പരീക്ഷയുടെ എല്ലാ എക്സാമിനർമാരുടെയും യോഗം എഴിനു രാവിലെ 11നു യൂണിവേഴ്സിറ്റി കാമ്പസിലെ പുതിയ പരീക്ഷാ ഭവനിൽ കോൺഫറൻസ് ഹാളിൽ നടത്തും.

പരീക്ഷാഫലം

2014 ഓഗസ്റ്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ എംഎ സംസ്കൃതം ജനറൽ (സിഎസ്എസ്) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 18 വരെ അപേക്ഷിക്കാം.

2014 ഓഗസ്റ്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ എംഎ സംസ്കൃതം സ്പെഷൽ (സിഎസ്എസ്) സാഹിത്യ, വേദാന്ത, ന്യായ, വ്യാകരണ ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 18 വരെ അപേക്ഷിക്കാം.

2014 ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ പ്രൈവറ്റ്, പ്രൈവറ്റ് സപ്ലിമെന്ററി, രണ്ടാം സെമസ്റ്റർ (നോൺ സിഎസ്എസ്-സപ്ലിമെന്ററി) എംഎ മലയാളം ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 20 വരെ അപേക്ഷിക്കാം.

2014 ഒക്ടോബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എംഎൽഐഎസ്സി ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 18 വരെ അപേക്ഷിക്കാം.

ഉത്തരക്കടലാസുകൾ എത്തിക്കണം

ഒന്നാം സെമസ്റ്റർ ബിഎഡ് പരീക്ഷയുടെ ഉത്തരക്കടലാസുകൾ മൂല്യനിർണയത്തിനായി എറണാകുളം സെന്റ് ജോസഫ് കോളജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ ഫോർ വിമൻ, കോട്ടയം മൗണ്ട് കാർമൽ കോളജ് ഫോർ വിമൻ എന്നീ മൂല്യനിർണയ കേന്ദ്രങ്ങളിൽ അതാത് കോളജുകൾ എഴിനു മുമ്പായി എത്തിക്കണം.

ഫോൺ: എറണാകുളം 9946664288, കോട്ടയം 9447230637.

പിജി: സീറ്റൊഴിവ്

യൂണിവേഴ്സിറ്റിയിലെ പഠനവകുപ്പുകളായ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ്, സ്കൂൾ ഓഫ് ഗാന്ധിയൻ സ്റ്റഡീസ് എന്നിവയിലെ പിജി പ്രോഗ്രാമുകളിൽ ഏതാനും പട്ടികജാതി, പട്ടികവർഗ സംവരണ സീറ്റുകൾ ഒഴിവുണ്ട്.

എംഎസ്സി സൈക്കോളജി (പട്ടികജാതി രണ്ട്, പട്ടികവർഗം ഒന്ന്), എംഎസ്സി ഡിസേബിലിറ്റി സ്റ്റഡീസ് (പട്ടികജാതി ഒന്ന്, പട്ടികവർഗം രണ്ട്) എന്നിങ്ങനെയാണ് ഒഴിവുകൾ. ക്യാറ്റ്-എംജിയു പ്രാസ്പെക്ടസ് പ്രകാരമുള്ള യോഗ്യതയുള്ള പട്ടികജാതി, പട്ടികവർഗ വിഭാഗത്തിലെ അപേക്ഷകർ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം 10നു രാവിലെ 11നു അതത് പഠനവകുപ്പുകളുടെ ഓഫീസുകളിൽ ഹാജരാകണം.

വാക്ക് ഇൻ ഇന്റർവ്യൂ മാറ്റി വച്ചു

കവിയൂരിലും ചുട്ടിപ്പാറയിലുമുള്ള എംജി യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർട്സ് ആൻഡ് കൊമേഴ്സിൽ ഇംഗ്ലീഷ്, ഇക്കണോമിക്സ്, കൊമേഴ്സ് എന്നീ വിഷയങ്ങൾ പഠിപ്പിക്കാൻ കരാർ അധ്യാപക നിയമനത്തിനായി എഴിനു രാവിലെ 11നു നടത്താൻ നിശ്ചയിച്ചിരുന്ന ഇന്റർവ്യൂ മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട്.

കേരള സർവകലാശാല

...

എംസിഎ പരീക്ഷ

സെപ്റ്റംബറിൽ നടത്തുന്ന ആറാം സെമസ്റ്റർ എംസിഎ (2011 സ്കീം) പരീക്ഷയ്ക്ക് ഓൺലൈനായി 17 വരെ (50 രൂപ പിഴയോടെ ആഗസ്റ്റ് 19, 250 രൂപ പിഴയോടെ ആഗസ്റ്റ് 20) അപേക്ഷിക്കാം. തീസിസ് സർവകലാശാലയിൽ സമർപ്പിക്കേണ്ട അവസാന തീയതി സെപ്റ്റംബർ ഒന്ന്.

തീസിസ് സമർപ്പിക്കുന്നവർ 780 രൂപയും (പരീക്ഷാഫീസ് 750 രൂപ + ഓൺലൈൻ രജിസ്ട്രേഷൻ 30 രൂപ) അടയ്ക്കണം.

ബിഡിഎസ് ഫലം

മേയിൽ നടത്തിയ അവസാന വർഷ ബിഡിഎസ് പാർട്ട് രണ്ട് (ന്യൂ സ്കീം ആൻഡ് ഓൾഡ് സ്കീം അധീഷണൽ) പരീക്ഷാഫലം വെബ്സൈറ്റിൽ ലഭിക്കും.

പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 20വരെ അപേക്ഷിക്കാം.

ലക്ചറർ: വാക് ഇൻ ഇന്റർവ്യൂ

കാര്യവട്ടം ഒപ്റ്റോ ഇലക്ട്രോണിക്സ് പഠനവകുപ്പിൽ കരാറടിസ്ഥാനത്തിൽ ലക്ചറർ നിയമനത്തിന് 13നു രാവിലെ 11ന് പാളയം സെനറ്റ് ഹൗസ് കാമ്പസ് ഓഫീസിൽ വോക്-ഇൻ-ഇന്റർവ്യൂ നടത്തും. പ്രായം 01.01.2015ൽ 40 വയസ് കവിയരുത്. പ്രതിമാസം വേതനം 21,600 രൂപ. യോഗ്യത: ഇലക്ട്രോണിക്സ് ആൻഡ് കമ്യൂണിക്കേഷൻ (ഒപ്റ്റോ ഇലക്ട്രോണിക്സ് ആൻഡ് ഒപ്റ്റിക്കൽ കമ്യൂണിക്കേഷൻ)/ ഇലക്ട്രോണിക്സ്/ ലേസർ ടെക്നോളജിയിൽ എൻജിനിയറിംഗ്ടക്നോളജിയിൽ (എംഇ/എംടെക്) ഒന്നാം ക്ലാസോടെ ബിരുദാനന്തര ബിരുദം അല്ലെങ്കിൽ 55ശതമാനം മാർക്കിൽ കുറയാതെ ഫിസിക്സിൽ എംഎസ്സി ബിരുദവും ഒപ്റ്റോ ഇലക്ട്രോണിക്സ്/ഫോട്ടോണിക്സ്/ലേസർ ടെക്നോളജി/അനുബന്ധ മേഖലയിൽ പിഎച്ച്ഡി ബിരുദവും. മറ്റു യോഗ്യതകളും വിശദവിവരങ്ങളും വെബ്സൈറ്റിൽ ലഭിക്കും. ഉദ്യോഗാർഥികൾ അവരുടെ പ്രായം, യോഗ്യത, പ്രവൃത്തിപരിചയം, ജാതി (സംവരണവിഭാഗക്കാർ), തിരിച്ചറിയൽ രേഖ എന്നിവയുടെ അസലും സഹിതം രാവിലെ ഒമ്പതിന് ഹാജരാകണം. ജൂലൈ ആറിനുള്ള ഇന്റർവ്യൂന് അപേക്ഷിച്ചവരിൽ നിശ്ചിത യോഗ്യതയുള്ളവർക്കും പങ്കെടുക്കാം.

എംഫിൽ വൈവ

വിവിധ പഠനവകുപ്പുകൾ, തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജ് എന്നിവിടങ്ങളിലെ 2014-15 ബാച്ചിലെ രണ്ടാം സെമസ്റ്റർ എംഫിൽ വിദ്യാർഥികളുടെ വൈവ 20ന് (കെമിസ്ട്രി), സെപ്റ്റംബർ ഏഴ്, എട്ട് (എഡ്യൂക്കേഷൻ), സെപ്റ്റംബർ 14ന് (മാത്തമാറ്റിക്സ് - യൂണിവേഴ്സിറ്റി കോളജ്), സെപ്റ്റംബർ 18, 19 (ബോട്ടണി) തീയതികളിൽ അതത് പഠനവകുപ്പുകളിൽ നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ ലഭിക്കും.

എംബിഎ ഫലം

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരള ഫെബ്രുവരിയിൽ നടത്തിയ രണ്ട്, നാല് സെമസ്റ്റർ എംബിഎ (ഈവനിംഗ്, 2008 സ്കീം - റഗുലർ ആൻഡ് സപ്ലിമെന്ററി) പരീക്ഷാഫലം വെബ്സൈറ്റിൽ ലഭിക്കും. സൂക്ഷ്മപരിശോധനയ്ക്ക് 20 വരെ അപേക്ഷിക്കാം. സൂക്ഷ്മപരിശോധനയ്ക്ക് വെബ്സൈറ്റിൽ നിന്നു ലഭിക്കുന്ന കരട് മാർക്ക്ലിസ്റ്റ് ഉപയോഗിക്കാം.

യൂണിവേഴ്സിറ്റി വെബ്സൈറ്റുകൾ

എംജി- www.mgu.ac.in
കേരള- www.keralauniversity.ac.in
കുസാറ്റ്- www.cusat.ac.in
കാലിക്കട്ട്- www.universityofcalicut.info
കണ്ണൂർ- www.kannuruniversity.ac.in
ആരോഗ്യ- www.kuhs.ac.in
കേന്ദ്ര- www.cukerala.ac.in
സംസ്കൃത- www.ssus.ac.in
മലയാളം- www.malayalamuniversity.edu.in
വെറ്ററിനറി- www.kvasu.ac.in
കുഫോസ്-www.kufos.ac.in
കേരള ടെക്നോളജിക്കൽ-www.ktu.edu.in

ജെയ്ൻ വാഴ്സിറ്റിയിൽ ഏവിയേഷൻ എംബിഎ കോഴ്സ് ആരംഭിച്ചു

ബംഗളൂരു: ബംഗളൂരു ജെയിൻ സർവകലാശാലയിൽ എംബിഎ ഇൻ ഏവിയേഷൻ ബിസിനസ് മാനേജ്മെന്റ് കോഴ്സ് ആരംഭിച്ചു. ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എയ്റോസ്പേസ് എൻജിനിയറിംഗ് ആൻഡ് മാനേജ്മെന്റിന്റെ (ഐഐഎഇഎം) പങ്കാളിത്തത്തോടെയാണു കോഴ്സ്. ഇന്ത്യയിലെ പ്രമുഖ വിമാനത്താവളങ്ങളുടെയും വിമാന കമ്പനികളുടെയും വിമാനത്താവള സേവനദാതാക്കളുടെയും സഹകരണം ലഭ്യമാക്കിയിട്ടുണ്ടെന്നു സർവകലാശാല അറിയിച്ചു. എയർപോർട്ട് അഥോറിറ്റി ഓഫ് ഇന്ത്യ, ബംഗളൂരു അന്താരാഷ്ട്ര വിമാനത്താവളം, ജിഎംആർ എയർപോർട്സ്, എയർ ഇന്ത്യ, ജെറ്റ് എയർവേയ്സ് എന്നിവിടങ്ങളിലെ മുതിർന്ന ഉദ്യോഗസ്ഥരാണു കോഴ്സിന്റെ പാഠ്യപദ്ധതി ക്രോഡീകരിച്ചിരിക്കുന്നത്.

അയാട്ട, ഐസിഎഒ, ഡിജിസിഎ എന്നിവയുടെ അക്രഡിറ്റേഷൻ സ്വന്തമാക്കി ഒരു റീജണൽ സെന്റർ എന്ന നിലയിൽ എത്താനുള്ള നടപടിക്രമം നടന്നുവരികയാണെന്നു സർവകലാശാല അധികൃതർ അറിയിച്ചു. 9880616000, 9036837557